## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6554. 03.04.2018 ൽ മറുപടിയ്ക്ക്

## കോട്പ നിയമം കർശനമാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.എൽദോ എബ്രഹാം | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സിഗററ്റിന്റെയും പുകയില ഉല്പന്നങ്ങളുടെയും ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള 2003-ലെ സിഗററ്റ്സ് ആന്റ് അദർ ടുബാക്കോ പ്രോഡക്ട്സ് ആക്ട് (കോട്പ നിയമം) സംബന്ധിച്ച് വ്യക്തമാക്കുമോ; | (എ) | COTPA Act ഒരു കേന്ദ്രനിയമമാണ്. 2003-ലെ Cigarettes & Other Tobacco Products (Prohibition of Advertisement and Regulation of Tried and Commerce, Production, Supply and Distribution) Act - പ്രകാരം സിഗരറ്റ്, മറ്റ് പുകയില ഉൽപ്പന്നങ്ങൾ എന്നിവയുടെ പരസ്യം, വിൽപ്പന, വിതരണം എന്നിവ നിയന്ത്രണവിധേയമാക്കിയിട്ടുള്ളതാണ്. COTPA Act 2003 Section 6(b) പ്രകാരം കേരള സംസ്ഥാനത്ത് നികുതി ഈടാക്കുന്ന പുകയില ഉൽപ്പന്നങ്ങളായ സിഗരറ്റ്, ബീഡി എന്നിവ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിൽ കച്ചവടം നടത്തുന്നത് അനുവദനീയമല്ല. കൂടാതെ പൊതുസ്ഥലത്ത് പുകവലി നിരോധിച്ചിട്ടുള്ളതാണ്. പാൻപരാഗ് പോലെയുള്ള ഉൽപ്പന്നങ്ങൾ വിൽക്കുന്നത് കേരളത്തിൽ നിരോധിച്ചിട്ടുള്ളതാണ്.<br>20.08.2014 ലെ G.O(P)No.155/2014/TD നമ്പർ സർക്കാർ വിജ്ഞാപന പ്രകാരം 2003-ലെ Cigarettes & Other Tobacco Products (Prohibition of Advertisement and Regulation of Tried and Commerce, Production, Supply and Distribution) Act - ലെ 12 ഉം 13 ഉം സെക്ഷൻ പ്രകാരം നടപടി സ്വീകരിക്കുന്നതിന് എക്സൈസ് ഇൻസ്പെക്ടറെയോ അതിന് മുകളിൽ പദവിയിലുള്ള ഉദ്യോഗസ്ഥരെയോ

| | | | |
|---|---|---|---|
| | | | ച്ചമതലപ്പെടുത്തി കൊണ്ട് ഉത്തരവായിട്ടുള്ളതാണ്. ഏത് സ്ഥലത്ത് പ്രവേശിച്ചും ടി ആക്റ്റിൽ പരാമർശിക്കുന്ന ലഹരി വസ്തുക്കൾ പിടിച്ചെടുക്കുന്നതിനുള്ള അധികാരം സംബന്ധിച്ചാണ് ടി ആക്റ്റിലെ 12 ഉം 13 ഉം വകുപ്പിൽ പരാമർശിക്കുന്നത്. 27.12.2016-ലെ G.O(P)No.112/2016/TD നമ്പർ ഉത്തരവ് പ്രകാരം ടി ആക്റ്റിലെ 4, 6, 12, 13 & 28 എന്നീ വകുപ്പുകൾ പ്രകാരമുള്ള അധികാരങ്ങൾ മാത്രമാണ് എക്സൈസ് വകുപ്പിന് നൽകിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കുന്നുണ്ടോ എന്നറിയിക്കുമോ; വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്. കോട്പ നിയമത്തിൽ എക്സൈസ് വകുപ്പിന് നൽകിയിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ച് 2016-ൽ 45756 കേസ്സുകളും 2017-ൽ 72231 കേസ്സുകളും എക്സൈസ് വകുപ്പ് കണ്ടെത്തി പിഴ ചുമത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ സ്കൂളുകളിൽ പാൻമസാല ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിക്കുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നതിനാൽ കോട്പാ നിയമം കർശനമാക്കുമോ എന്ന് വ്യക്തമാക്കുമോ; | (സി) | കോട്പ നിയമത്തിലെ എക്സൈസ് വകുപ്പിന് നൽകിയിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ച് വളരെ കർശനമായി എക്സൈസ് വകുപ്പ് കോട്പ നിയമം നടപ്പിലാക്കി വരുന്നുണ്ട്. പ്രത്യേകിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിൽ കർശന നിരീക്ഷണങ്ങൾ നടത്തി സിഗററ്റിന്റെയും പുകയില ഉല്പന്നങ്ങളുടെയും പാൻമസാലയുടെയും മറ്റും വില്പന ഉപയോഗവും കണ്ടെടുത്ത് നിലവിലെ നിയമപ്രകാരം കർശന നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | അപകട സാധ്യതയില്ലെന്ന പരസ്യത്തോടെ സ്ത്രീകളെ ലക്ഷ്യമിട്ടുള്ള സിഗററ്റ് ബ്രാന്റുകൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | സ്ത്രീകളിലെ ശ്വാസകോശ അർബുദ നിരക്കിന്റെ വർദ്ധനവിന് പുകവലി കാരണമാകുമെന്നതിനാൽ ഇത്തരം സിഗരറ്റുകളുടെ വില്പന നിയന്ത്രിക്കുമോ; | (ഇ) | എല്ലാവിധ പുകയില ഉല്പന്നങ്ങളുടെയും വില്പന കർശനമായ നിയമങ്ങൾക്ക് വിധേയമായാണ് നടത്തുന്നത്. |

| | | | |
|---|---|---|---|
| (എഫ്) | കോട്പ നിയമത്തെക്കുറിച്ച് മാധ്യമങ്ങളിലൂടെയും മറ്റും വ്യാപകമായ ബോധവല്ക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | എക്സൈസ് വകുപ്പ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുമായി ചേർന്ന് ലഹരി വിരുദ്ധ ബോധവത്ക്കരണ പരസ്യങ്ങൾ മാധ്യമങ്ങളിലൂടെ നൽകുമ്പോൾ പുകയില ഉല്പന്നങ്ങളുടെ ദൂഷ്യവശങ്ങളെ സംബന്ധിച്ചുള്ള ബോധവത്ക്കരണവും മാധ്യമങ്ങളിലൂടെ നടത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**